INDIAN SCHOOL SOHAR
PRE-BOARD II EXAMINATION (2021-22)
MALAYALAM

No. of Printed pages: 2

CLASS: X MAX.MARK: 40
DATE: 17/03/2022 TIME: 2 HOURS

**INSTRUCTIONS:-**

- The question paper is divided into two sections
  - Section A: Grammar & Writing : 22 Marks
  - Section B: Literature(Prose , Poetry & Non-detailed) : 18 marks

Reading Time : 8.00 am – 8.20 am

Writing Time : 8.20 am – 10.20 am

## എവിഭാഗം /SECTION-A

**1. a. വാക്യത്തിൽ പ്രയോഗിക്കുക** (1 x 2 =2)

i) നിറവേറ്റുക
ii) സർവത്ര

**b. അംഗവാക്യം, അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക** (1 x 2 =2)

i) മുഴുവൻ ചത്തവരും പാതി ചത്തവരുമായ ആളുകളെ കൊണ്ടും ഗജാശ്വങ്ങളെ കൊണ്ടും ഭൂമി ഭീമ ദർശനമായി

ii) അവർ ക്ഷണത്തിൽ വഴിക്കുവെച്ച് ഭീമനെ കണ്ടെത്തിയെങ്കിലും ക്രോധ ദീപ്തനായ അദ്ദേഹത്തെ തടഞ്ഞു നിർത്താൻ കഴിഞ്ഞില്ല

**c. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** (1 x 2 =2)

i) പാണ്ഡവർ അവർ ചെയ്ത കടുംകൈകളുടെ പേരിൽ നല്ലവരായ സജ്ജനങ്ങൾക്കിടയിൽ നിർവേദം കൊള്ളും
ii) ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽ വച്ച് നടന്ന ഭാരതയുദ്ധം തുടങ്ങുമ്പോൾ ഇരുഭാഗത്തുമുള്ള രണ്ട് ചേരിക്കാരും തമ്മിൽ ചെയ്ത കരാർ ഇപ്രകാരമായിരുന്നു

**d. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നര പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക** (6 x 1 =6)

i) ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും

ii) ശാസ്ത്രപുരോഗതി മനുഷ്യജീവിതത്തിൽ ചെലുത്തിയ സ്വാധീനം

**e.** യുദ്ധബാധിത പ്രദേശങ്ങളിൽ അകപ്പെട്ടുപോയ വിദ്യാർഥികൾക്ക് നാട്ടിൽ എത്തിച്ചേരാൻ ആവശ്യമായ അടിയന്തിര സഹായം അഭ്യർഥിച്ചു കൊണ്ട് മുഖ്യമന്ത്രിക്ക് കത്ത് തയ്യാറാക്കുക (5 x 1 =5)

**f.** മികച്ച നോവലിസ്റ്റിനുള്ള ദേശീയപുരസ്കാരം നേടിയ കെ. ആർ. മീരയെ (നോവൽ - ആരാച്ചാർ ) അഭിനന്ദിച്ചുകൊണ്ട് തിരുവനന്തപുരം പ്രെസ്സ് ക്ലബ് നടത്തിയ അനുമോദനസമ്മേളനത്തിന്റെ റിപ്പോർട്ട് തയ്യാറാക്കുക **(5 x 1 =5)**

## ബി വിഭാഗം /SECTION – B

**2. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** **(3 x 2 =6)**

**a)** "മനുഷ്യ ചരിത്രത്തിൽ യുദ്ധം വരുത്തിവയ്ക്കുന്ന ഭയങ്കര ദുരന്തത്തെ എടുത്തു കാണിക്കാൻ വേണ്ടിയാണ് ഭാരതേതിഹാസം രചിക്കപ്പെട്ടതെന്ന് തീർത്തു പറയാൻ സംശയിക്കേണ്ടതില്ല "- മാരാരുടെ ഈ അഭിപ്രായത്തെ സമകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തി വിലയിരുത്തുക

b) "ആ പാപിയായ ദ്രൌണിയെ ഇന്ന് ചെന്നു കൊന്നില്ലെങ്കിൽ ഞാനിവിടെ പ്രായോപവേശം കൊള്ളുകയാണ് "- ഇങ്ങനെ പറഞ്ഞത് ആര്? സന്ദർഭവും ആശയവും വ്യക്തമാക്കുക

c ) "അധർമ്മം കൊണ്ട് ജയിച്ചിട്ട് ആർക്ക് സന്തോഷിപ്പൻ കഴിയും? ആരവരെ അനുമോദിക്കും ?"- ദുര്യോധനൻ ഇങ്ങനെ പറയാനിടയായ സാഹചര്യം വിവരിക്കുക

**3. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** **(3 x 2 =6)**

a) അമ്മത്തൊട്ടിൽ എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക

b) "നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിടു-
മോണക്കോടിയുടുത്തൊരുഷസ്സേ "- ഇവിടെ പ്രഭാതത്തിന് മാനുഷിക പരിവേഷം നല്കി അവതരിപ്പിച്ചിരിക്കുന്നതിലെ കാവ്യ ഭംഗി വിവരിക്കുക

c) "അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ –
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ് " എന്തെല്ലാം ഓർമ്മകളാണ് മകന്റെ മനസ്സിലൂടെ കടന്നു പോയത് ?ഈ വരികളിലെ പ്രയോഗഭംഗി വിവരിക്കുക

**4. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** **(3 x 2 =6)**

a) കല്ലടക്കുറിച്ചിയിലെ ജീവിതം ചട്ടമ്പിസ്വാമികളുടെ ഭാവി പ്രവർത്തനങ്ങൾക്ക് അടിത്തറ പാകിയതെങ്ങനെ ?വിശദീകരിക്കുക
b) സാധാരണക്കാരനായ സന്യാസി എന്ന് ചട്ടമ്പി സ്വാമികളെ വിളിക്കുന്നത് എന്തുകൊണ്ട് ?
c) ശ്രീനാരായണ ഗുരുവും ചട്ടമ്പിസ്വാമികളുമായുള്ള ബന്ധം വിശദീകരിക്കുക

*******************